ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര വികസനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ടൂറിസം വകുപ്പ് മുഖേന നേരിട്ടും സർക്കാർ ഏജൻസികളായ കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ, ബേക്കൽ റിസോർട്ട്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ, തെന്മല-എക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റി എന്നിവ വഴിയും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അവയിൽ മുഖ്യമായവ അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി&സി) കേരളത്തിലെ ടൂറിസം വ്യവസായരംഗത്ത് പ്രവർത്തിക്കുന്നവരുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് കേരളത്തിലെ ടൂറിസം വ്യവസായ നിലവാരം ഉയർത്തുന്നതിനും വിനോദസഞ്ചാരികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി പുതിയ ഒരു നിയമം നടപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനായി ടൂറിസം വ്യവസായ രംഗത്തുള്ളവരുമായി ചർച്ചകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനിയന്ത്രിത ടൂറിസം വികസനം തടയുന്നതിനും ഈ ആക്ടിൽ വ്യവസ്ഥ ചെയ്യാൻ ആലോചനയുണ്ട്. നിയന്ത്രിത ടൂറിസം വികസനം ലക്ഷ്യമാക്കി പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ വാഹകശേഷി പഠിക്കാൻ നടപടികളായിട്ടുണ്ട്.

(ഡി-എഫ്) ഉണ്ട്. കായൽ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പമ്പ, കുട്ടനാട് ഭാഗത്ത് ബോട്ട് ടെർമിനലുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ പദ്ധതി തയ്യാറായിട്ടുണ്ട്. അഷ്ടമുടി കായലിന്റെ സമഗ്ര ടൂറിസം വികസനത്തിനും കായലോരങ്ങളിൽ സൈനേജ് സിസ്റ്റം സ്ഥാപിക്കാനും ഹൗസ് ബോട്ടുകൾ വടക്കൻ ജില്ലകളിലേയ്ക്കുകൂടി വ്യാപകമാക്കാനുമുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവ നടപ്പാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ തിരുവനന്തപുരം-കൊല്ലം വെസ്റ്റ് കോസ്റ്റ് കനാലിൽ ഹൗസ് ബോട്ട് സർവ്വീസ് ഏർപ്പെടുത്തുന്നതിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വാർഷിക പദ്ധതി വിഹിതം

1 (1) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷത്തേയും വാർഷിക പദ്ധതിക്കുവേണ്ടി നിർദ്ദേശിച്ച തുക എത്ര വീതമായിരുന്നു ;

(ബി) ഇത് തൊട്ട് മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വീതം കൂടുതലായിരുന്നു ;

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ വർഷത്തേയും നിർദ്ദേശപ്രകാരം പദ്ധതിക്കുവേണ്ടി കേന്ദ്രം തരേണ്ടിയിരുന്നതും സംസ്ഥാനം സ്വരൂപിക്കേണ്ടിയിരുന്നതുമായ തുക എത്രയായിരുന്നു ;

(ഡി) ഓരോ വർഷത്തേയ്ക്കും കേന്ദ്രം അനുവദിച്ച തുക എത്രവീതമായിരുന്നു ;

(ഇ) ഈ തുക മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വീതം കൂടുതലായിരുന്നു ;

(എഫ്) ഓരോ വർഷത്തേയ്ക്കും കേന്ദ്രം അനുവദിച്ച തുകയിൽ എത്ര വീതം കേന്ദ്രം തരേണ്ടിയിരുന്നതും സംസ്ഥാന ഗവൺമെന്റ് സ്വരൂപിക്കേണ്ടിയിരുന്നതുമാണ് ; ഈ ഓരോ വർഷവും സംസ്ഥാനത്തിന് എന്തുതുക വീതം സ്വരൂപിക്കാൻ കഴിഞ്ഞു ;

(ജി) ഈ ഓരോ വർഷവും സംസ്ഥാന വിഹിതത്തിലും കേന്ദ്രവിഹിതത്തിലും എന്തു തുക വീതം ചെലവായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വാർഷിക പദ്ധതിക്കുവേണ്ടി നിർദ്ദേശിച്ച തുകയും തൊട്ടു മുൻവർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവും ചുവടെ ചേർക്കുന്നു.

വർഷം	നിർദ്ദേശിച്ച തുക (കോടിയിൽ)	വർദ്ധനവ് (ശതമാനം)
1996-97	2153.40	38.9
1997-98	2619.00	30.9
1998-99	3100.00	10.0
1999-2000	3250.00	4.8

(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	കേന്ദ്രം തരേണ്ടിയിരുന്ന തുക (കോടിയിൽ)	വർദ്ധനവ് (ശതമാനം)
1996-97	598.80	1554.60
1997-98	804.55	2014.45
1998-99	768.30	2331.70
1999-2000	873.00	2376.20

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) കേന്ദ്രം അനുവദിച്ച തുകയും അതിലെ വർദ്ധനവും ചുവടെ ചേർക്കുന്നു.

വർഷം	അനുവദിച്ച തുക (അംഗീകരിച്ചത്) കോടിയിൽ	വർദ്ധനവ് (ശതമാനം)
1996-97	2200	42
1997-98	2855	30
1998-99	3100	9
1999-2000	3250	5

(എഫ്) വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	കേന്ദ്രം തരേണ്ടിയിരുന്ന തുക (കോടിയിൽ)	സംസ്ഥാനം സ്വരൂപിക്കേണ്ടിയിരുന്ന തുക	സംസ്ഥാനം സ്വരൂപിക്കാൻ കഴിഞ്ഞ തുക
1996-97	598.80	1601.20	1660.15
1997-98	804.55	2050.45	2848.91
1998-99	768.30	2331.70	2232.51
1999-2000	873.00	2376.20	താൽക്കാലിക കണക്കുകൾ ലഭ്യമല്ല.

(ജി) ഓരോ വർഷത്തെയും ചെലവ് മൊത്തത്തിൽ കണക്കാക്കുന്നത് കൊണ്ട് പ്രത്യേകം ഉള്ള ചെലവിന്റെ കണക്കുകൾ ലഭ്യമല്ല.

വാർഷിക പദ്ധതിക്കുള്ള വിഭവ സമാഹരണം

2(2) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ വാർഷിക പദ്ധതിക്കുള്ള വിഭവസമാഹരണം ഏതുവിധത്തിൽ നടത്തുമെന്നാണ് വിവക്ഷിച്ചിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly